## തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഡ് പുനർവിഭജനം

272 (1594) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അവസാനമായി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഡ് പുനർ വിഭജനം നടന്നത് എന്നാണ് ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഡ് പുനർ വിഭജനം നടത്തുന്നതിന് നിലവിൽ ആലോചനയുണ്ടോ ;

(സി) ഇരുപത് വർഷത്തിലൊരിക്കലേ വാർഡ് പുനർവിഭജനം നടത്താവൂ എന്ന സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ അംഗീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ ?

### ഉത്തരം

(എ) 2010-ലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന് മുന്നോടിയായാണ് അവസാനമായി ത്രിതല പഞ്ചായത്തുകളിലെ വാർഡ് പുനർവിഭജനം നടന്നത്.

(ബി) കേരള പഞ്ചായത്ത് രാജ് നിയമം 10-ാം വകുപ്പ് പ്രകാരം പഞ്ചായത്തുകളുടെ വാർഡ് വിഭജനം നടത്തുന്നതിനുള്ള ചുമതല സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷനാണ്. പുതിയ ഡീലിമിറ്റേഷൻ കമ്മീഷനെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നതേയുള്ളൂ.

(സി) സംസ്ഥാന ധനകാര്യ കമ്മീഷന്റെ ഈ ശിപാർശ അംഗീകരിച്ചിട്ടുണ്ട്. പക്ഷേ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തിയിട്ടില്ല.

## കുറുവ ഗ്രാമപഞ്ചായത്ത് വിഭജനം

273 (1595) ശ്രീ. റ്റി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കടമണ്ഡലത്തിലെ കുറുവ ഗ്രാമപഞ്ചായത്ത് വിഭജിച്ച് പുതിയ പഞ്ചായത്ത് രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കുറുവ പഞ്ചായത്ത് വിഭജിച്ച് കുറുവ, പാങ്ങ് എന്നീ രണ്ട് പഞ്ചായത്തുകളാക്കി മാറ്റുന്നതിന് സത്വരനടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly